# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5789
## 19/11/2019- ലെ മറുപടിക്ക്

## പാർട്ട്ടൈം സ്വീപ്പർ/വാച്ച്മാൻ തുടങ്ങിയ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.ഐ.സി. ബാലകൃഷ്ണൻ **എം.എൽ.എ** | **ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | 1975 ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എല്ലാ വകുപ്പിലെയും ശുചീകരണ സുരക്ഷാ ജോലികൾക്ക് കുടുംബശ്രീ, കെക്സ്കോൺ എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്ന 25.11.2005 ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർക്കുലർ റദ്ദാക്കുമോ; | 25/11/2005 തീയതിയിലെ സ.ഉ (പി) നം. 501/2005/ധന ഉത്തരവിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനു മതിയായ സ്വീപ്പിംഗ് ഏര്യ ഇല്ലാത്ത ഓഫീസുകളിൽ ശുചീകരണ ജോലിയ്ക്കായും സുരക്ഷാ ജോലിയ്ക്കായും യഥാക്രമം കുടുംബശ്രീ, കെക്സ്കോൺ എന്നീ സ്ഥാപനങ്ങളുമായി കരാർ ഏർപ്പെടുത്താൻ 05.10.2019 ലെ 84/2019/ധന നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ 04/12/2019 ലെ സർക്കുലർ നം. 95/2019/ധന ഉത്തരവു പ്രകാരം റദ്ദു ചെയ്തിട്ടുണ്ട്. |
| (ബി) | സാമുദായിക സംവരണതത്വങ്ങളും അംഗീകൃത മാനദണ്ഡങ്ങളും ഇല്ലാതാക്കി പിൻവാതിൽ നിയമനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ 05.10.2019 ലെ 84/2019/ധന എന്ന സർക്കുലർ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ന് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | 04/12/2019 ലെ സർക്കുലർ നം. 95/2019/ധന പ്രകാരം 05.10.2019 ലെ 84/2019/ധന എന്ന സർക്കുലർ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ചോദ്യത്തിനു പ്രസക്തി ഇല്ല. |
| (സി) | ഈ സർക്കുലർ പിൻവലിച്ച് പാർട്ട് ടൈം സ്വീപ്പർ/വാച്ച്മാൻ തുടങ്ങിയ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം നടത്തുവാൻ നടപടി എടുക്കാമോ; | 04/12/2019 ലെ സർക്കുലർ നം. 95/2019/ധന പ്രകാരം 05.10.2019 ലെ 84/2019/ധന എന്ന സർക്കുലർ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ചോദ്യത്തിനു പ്രസക്തി ഇല്ല. |

| | | |
|---|---|---|
| (ഡി) | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനത്തിൽ നിന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഒഴിവാക്കുവാനും ഈ തസ്തികകളിൽ അതാത് വകുപ്പുകൾക്ക് കരാർ നിയമനം നടത്തുവാൻ അധികാരം നൽകി ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 05.10.2019 ലെ 84/2019/ധന നമ്പർ സർക്കുലർ തൊഴിൽ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിച്ചിട്ടുള്ളതാണോയെന്നും ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്താണെന്നും വ്യക്തമാക്കാമോ; | ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 05.10.2019 ലെ 84/2019/ധന നമ്പർ സർക്കുലർ, 04.12.2019 ലെ സർക്കുലർ നം. 95/2019/ധന പ്രകാരം റദ്ദാക്കിയിട്ടുണ്ട്. |
| (ഇ) | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ താൽക്കാലിക/സ്ഥിരം നിയമനങ്ങൾ ഇപ്പോൾ നടത്തുന്നത് ഏതെല്ലാം നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ? | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനങ്ങൾ 1975 ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നടത്തുന്നത്. 25/11/2005 തീയതിയിലെ സ.ഉ (പി) നം. 501/2005/ധന ഉത്തരവ്, 06.02.2010-ലെ സ.ഉ (പി) 61/2010 എന്നിവ പ്രകാരമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നതു സംബന്ധിച്ചും കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നതു സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. |

**അക്കൗണ്ട്സ് ഓഫീസർ**